**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3404** **11-03-2025 - ൽ മറുപടിയ്ക്ക്**

**എരുമേലി തെക്ക് സ്മാർട്ട് വില്ലേജ് ഓഫീസിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ച എരുമേലി തെക്ക് സ്മാർട്ട് വില്ലേജ് ഓഫീസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | (എ) | 2021-22 സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിലുൾപ്പെടുത്തി കോട്ടയം ജില്ലയിലെ എരുമേലി തെക്ക് വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് പ്രസ്തുത വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തുകയും ടി കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയും ചെയ്യുകയുണ്ടായി. ഈ അവസരത്തിൽ വസ്തുവിന്റെ ഉടമസ്ഥാവകാശം പശ്ചിമ ദേവസ്വത്തിൽ നിക്ഷിപ്തമായിട്ടുള്ളതാണെന്നും കെട്ടിട നിർമ്മാണം നടത്തുവാൻ പഞ്ചായത്തിൽ നിന്നും അനുമതി ലഭിച്ചിട്ടില്ലാത്തതാണെന്നും ആരോപണമുന്നയിച്ച് ശ്രീ. രാമചന്ദ്രൻ നായർ ബഹു. കേരളാ ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്യുകയുണ്ടായി.<br><br>റീസർവ്വേ 240/7 ൽ ഉൾപ്പെട്ടുവരുന്ന പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 40.10 ആർ ഭൂമിയിലാണ് എരുമേലി തെക്ക് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. കൂടാതെ എരുമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.07.2024 ലെ 400526/PTDC01/GPO/2024/4100(1) നമ്പർ കത്ത് പ്രകാരം സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നിർമ്മാണ അനുമതി ആവശ്യമില്ലായെന്നു അറിയിച്ചിട്ടുള്ളതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്തി ബഹു. ഹൈക്കോടതി മുമ്പാകെ സർക്കാരിനുവേണ്ടി കോട്ടയം ജില്ലാ കളക്ടർ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതും നിലവിൽ ടി കേസ് ബഹു.കോടതിയുടെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ